**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4030** **16.12.2014-ൽ മറുപടിയ്ക്ക്**

# കൽപ്പറ്റ മണ്ഡലത്തിലെ തരിയോട് -കളരിക്കോട് ആദിവാസി കോളനിയിൽ വൈദ്യുതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ: | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പടിഞ്ഞാറത്തറ സെക്ഷന്റെ പരിധിയിലുള്ള തരിയോട് പഞ്ചായത്തിലെ രണ്ടാം വാർഡിൽപ്പെട്ട കളരിക്കോട് ആദിവാസി കോളനിയിൽ വൈദ്യുതിയില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) തരിയോട് പഞ്ചായത്തിലെ കളരിക്കോട് കോളനിയിൽ 17 വീടുകൾക്ക് നിലവിൽ വൈദ്യുതി കണക്ഷൻ ഉണ്ട്. |
| (ബി) പ്രസ്തുത കോളനിയിലെ വീടുകളിലെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ ; | (ബി) കണക്ഷനു വേണ്ടിയുള്ള പൂർണ്ണമായ അപേക്ഷ സമർപ്പിക്കാത്തതിനാൽ 13 വീടുകൾക്ക് ഇതുവരെ വൈദ്യുതി കണക്ഷൻ നൽകിയിട്ടില്ല. വയറിംഗ് പൂർണ്ണമായും അപകടാവസ്ഥയിലായതിനാലും, ചാർജ്ജിനത്തിൽ കുടിശ്ശിക വരുത്തിയതിനാലും 3 വീടുകളിലെ വൈദ്യുതി വിച്ഛേദിച്ചിട്ടുണ്ട്.<br>കുടിശ്ശിക സംഖ്യ പട്ടിക വർഗ്ഗ ക്ഷേമ വകുപ്പിനെ അറിയിച്ചിട്ടുണ്ടെങ്കിലും ഇതുവരെ തുക അടച്ചിട്ടില്ല. |
| (സി) ആദിവാസി വിഭാഗത്തിൽപ്പെട്ട ഈ കോളനി നിവാസികൾക്ക് വൈദ്യുതി കണക്ഷൻ പുന:സ്ഥാപിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) കുടിശ്ശിക തുക ഒടുക്കുകയും, വൈദ്യുതി പുന:സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ സമർപ്പിക്കുകയും ചെയ്താൽ മാത്രമേ വൈദ്യുതി കണക്ഷൻ പുന:സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കാനാവുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ.**